# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നഗരപ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :3305** 16.12.15- ൽ മറുപടി നൽ കേണ്ടത്

| | ചോദ്യം<br>ശ്രീ.സി.മോയിൻ കുട്ടി | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>നഗരകാര്യവുംന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി |
|---|---|---|---|
| (എ) | നഗരപ്രദേശങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നിരുത്സാഹപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) & (ബി) | കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 157 പ്രകാരം നിയമവിരുദ്ധമായുള്ള നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും, തടയുന്നതിനും, റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ ജില്ലകളിലും റീജിണൽ ജോയിന്റ് ഡയറക്ടർ, ടൗൺ പ്ലാനർ, സർക്കാർ നാമനിർദ്ദേശം ചെയ്ത ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ചട്ടപ്രകാരം എല്ലാ ജില്ലകളിലും വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും പ്രവർത്തിച്ചുവരുന്നതുമാണ്.<br>കെ.എം.ബി.ആർ. ലെ ചട്ടം 158 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ, പുനർനിർമ്മാണമോ, അല്ലെങ്കിൽ രൂപഭേദം വരുത്തലോ മൂലം മനുഷ്യന് ഭീഷണി ഉണ്ടാകുവാൻ സാധ്യതയുള്ളതാണ് എന്ന് നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽ പെട്ടാൽ ആയത് തടയുന്നതിനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.<br>കോടതിയിൽ നിന്ന് കുറ്റം ചുമത്തപ്പെട്ടാൽ, അനധികൃതമായി നിർമ്മാണം നടത്തിയിട്ടുള്ള [illegible] ദിവസത്തിൽ നിന്ന് പിഴ ഈടാക്കാവുന്നതാണ് കെ.എം.ബി.ആർ. ചട്ടം 159-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.<br>സർക്കാരിന്റെ 27-07-2013-ലെ സ.ഉ.(എം.എസ്)നം.268/2013/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിംഗ് |
| (ബി) | പ്രസ്തുത നടപടികൾ മൂലം അനധികൃത നിർമ്മാണം തടയുന്ന കാര്യത്തിൽ എന്തൊക്കെ നേട്ടമുണ്ടാക്കിയെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | 01-10-2013 മുതൽ പ്രവർത്തിച്ച വരുന്നു. വിജിലൻസ് വിംഗിൽ ലഭിക്കുന്ന പരാതി പരിശോധനയുടെയും, നേരിട്ട് നടത്തുന്ന മിന്നൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങളും, ചട്ടലംഘനങ്ങളും സംബന്ധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നു. 2013 ഒക്ടോബറിൽ വിജിലൻസ് വിംഗിന്റെ പ്രവർത്തനം ആരംഭിച്ചതിനുശേഷം സമർപ്പിച്ച ഏകദേശം 1860-ഓളം റിപ്പോർട്ടുകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.<br>അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കുന്ന മേൽപറഞ്ഞ നടപടികൾ മൂലം, നഗരപ്രദേശങ്ങളിൽ ഒരു പരിധിവരെ അനധികൃത നിർമ്മാണങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിനും, നിയന്ത്രിക്കുന്നതിനും, പൊതുജനങ്ങളിൽ അവബോധവും, അനധികൃത നിർമ്മാണങ്ങൾ നടത്തുന്നതിൽ നിന്ന് പിൻതിരിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. |
| (സി) | അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങളിലെ ചട്ടം 3-ൽ പ്രതിപാദിക്കുന്ന പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ആയത് പരിഗണിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ചട്ടം 5-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ 383 എ വകുപ്പ്, അംഗീകൃത ടൗൺ പ്ലാനിംഗ് സ്കീമുകൾ, എൻഷ്യന്റ് മോണുമെന്റ് ആന്റ് ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമെയിൻസ് ആക്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് തീരദേശ മേഖലാ നിയന്ത്രണങ്ങൾ, മറ്റ് നിയമങ്ങൾ, അവയ്ക്കു കീഴിലുള്ള ചട്ടങ്ങൾ, ബൈലോകൾ, നോട്ടിഫിക്കേഷനുകൾ എന്നിവയ്ക്കൊപ്പം ടി കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങളിലെ അപ്പൻഡിക്സ് II-ൽ പ്രതിപാദിക്കുന്ന സുരക്ഷാ (സേഫ്റ്റി & സെക്യൂരിറ്റി) വ്യവസ്ഥകളും (കെ.എം.ബി.ആർ സംബന്ധിച്ച) |

| | | | |
|---|---|---|---|
| | | | പാലിച്ചിരിക്കേണ്ടതായിട്ടുണ്ട്. ക്രമവൽക്കരിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് ടി ചട്ടങ്ങളിലെ അപ്പൻഡിക്സ് I പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതും, ചട്ടങ്ങൾ പ്രകാരമുള്ള വിവിധ വകുപ്പുകളിൽ /ഏജൻസികളിൽ നിന്നുള്ള ക്ലിയറൻസുകൾ വാങ്ങേണ്ടതുമാണ്. |
| (ഡി) | ഇതു പ്രകാരം 2014-ൽ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്; എത്രയെണ്ണത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ? | (ഡി) | ലഭ്യമായ കണക്കുകൾ പ്രകാരം വിവിധ നഗരസഭകളിലായി 795 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 317 എണ്ണം ക്രമവത്ക്കരിച്ചു നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർതലത്തിൽ ലഭിച്ച 3 അപേക്ഷകളിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ